REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **എല്ലാവരെയും ഉൾക്കൊള്ളുന്ന സമൂഹത്തെ സൃഷ്ടിക്കാൻ ജനാധിപത്യത്തേക്കാൾ വലിയ ഉപകരണമില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **കുടുംബാധിഷ്ഠിത വിനോദങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുകയാണ് വേവ്സ് പ്ലാറ്റ്ഫോമിന്റെ ലക്ഷ്യമെന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഗാൾ**
- **സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് വോട്ടെണ്ണലിന് ഒരുക്കങ്ങൾ പുരോഗമിക്കുന്നു.**
- **ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ-ഓസ്ട്രേലിയ മത്സരം രാവിലെ പെർത്തിൽ തുടങ്ങും.**

## വാർത്തകൾ വിശദമായി

എല്ലാവരെയും ഉൾക്കൊള്ളുന്ന സമൂഹത്തെ സൃഷ്ടിക്കാൻ ജനാധിപത്യത്തേക്കാൾ വലിയ ഉപകരണമില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഗയാന ദേശീയ അസംബ്ലിയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

ഡസ്ക് റിപ്പോർട്ട്..

**..........വോയ്സ്.....**

ലോകത്തെ മുന്നോട്ട് നയിക്കുന്നതിന്, ജനാധിപത്യം ആദ്യം - മാനുഷികത ആദ്യം എന്ന മന്ത്രമാണ് ഏറ്റവും ശക്തമെന്ന് നരേന്ദ്രമോദി പറഞ്ഞു. പ്രതിസന്ധികളിൽ ആദ്യം പ്രതികരിക്കുന്ന രാജ്യമെന്ന നിലയിൽ ഇന്ത്യയുടെ പങ്ക് പ്രധാനപ്പെട്ടതാണ്. രാജ്യം ഒരിക്കലും വിപുലീകരണ ചിന്ത പിന്തുടരുന്നില്ലെന്നും ആഗോള വികസനത്തിനും സമാധാനത്തിനുമാണ് ഇന്ത്യ നിലകൊള്ളുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഈ നിലപാടിലൂടെ ഇന്ത്യ ഗ്ലോബൽ സൗത്തിന്റെ ശബ്ദമായി മാറിക്കഴിഞ്ഞു. നിലവിലെ ആഗോള സാഹചര്യം സംഘർഷത്തിന്റെ സമയമല്ലെന്നും അതിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ കണ്ടെത്തി ഇല്ലാതാക്കേണ്ട വേളയാണെന്നും അദ്ദേഹം പറഞ്ഞു.

ഗയാനയിലെ സരസ്വതി വിദ്യാ നികേതൻ സന്ദർശിച്ച പ്രധാനമന്ത്രി ജോർജ്ടൗണിലെ ചരിത്രപ്രസിദ്ധമായ പ്രൊമെനേഡ് ഗാർഡൻസിലെ മഹാത്മാഗാന്ധി പ്രതിമയിൽ ആദരാഞ്ജലി അർപ്പിച്ചു. തുടർന്ന് ആര്യസമാജ സ്മാരകത്തിൽ പുഷ്പാർച്ചന നടത്തിയ പ്രധാനമന്ത്രി ജോർജ്ജ്ടൗണിൽ മോനുമെന്റ് ഗാർഡനിലെ ഇന്ത്യൻ കുടിയേറ്റ സ്മാരകവും സന്ദർശിച്ചു.

പ്രധാനമന്ത്രി മോദിയും ഗയാന പ്രസിഡന്റ് ഡോ. ഇർഫാൻ അലിയും ഹൈഡ്രോകാർബൺ, ഊർജം, ആരോഗ്യം, ഫാർമസ്യൂട്ടിക്കൽസ്, കൃഷി, എന്നിവയടക്കം വിഷയങ്ങളിൽ ചർച്ച നടത്തി. പത്ത് കരാറുകളിലും അവർ ഒപ്പുവച്ചു.

✪✪✪

കുടുംബാധിഷ്ഠിത വിനോദങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലേക്കും എത്തിക്കുക എന്നത് കടമയാണെന്ന് പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഗാൾ പറഞ്ഞു. പ്രസാർ ഭാരതിയുടെ OTT പ്ലാറ്റ്ഫോമായ 'വേവ്സ്' പുറത്തിറക്കിയതിന് ശേഷം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ചരിത്രവും സമ്പന്നമായ സാംസ്കാരിക പൈതൃകവും കേന്ദ്രീകരിച്ച് പ്രാദേശിക സാംസ്കാരിക പരിപാടികൾ പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുമെന് നവനീത് കുമാർ പറഞ്ഞു.

പരമാവധി പ്രേക്ഷകരിലേക്ക് എത്തിക്കുക എന്ന ആശയമാണ് OTT പ്ലാറ്റ്ഫോം ആരംഭിക്കുന്നതിന് പിന്നിലെന്ന് പ്രസാർ ഭാരതി CEO ഗൗരവ് ദ്വിവേദി പറഞ്ഞു. വേവ്സ് തുടക്കത്തിൽ പന്ത്രണ്ടോളം ഭാഷകളിൽ ലഭ്യമാണെന്നും എല്ലാ ഭാഷകളിലും പരിപാടികൾ ഉൾപ്പെടുത്താൻ പദ്ധതിയുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു.

പതിനായിരത്തിലധികം സിനിമകളും 40,000 മുതൽ 50,000 മണിക്കൂർ വരെ ദൈർഘ്യം വരുന്ന ഉള്ളടക്കവും ഇപ്പോൾ തന്നെ WAVES OTT-ൽ ലഭ്യമാണെന്ന് CEO അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് വോട്ടെണ്ണലിന് മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. വയനാട്, ചേലക്കര, പാലക്കാട് മണ്ഡലങ്ങളിൽ നാളെ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും.

വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ് തയ്യാറാക്കിയ റിപ്പോർട്ട്.

**(വോയ്സ് .........)**

വയനാട് പാർലമെൻറ് മണ്ഡലം ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയി ഇതിന്റെ ഭാഗമായി നിയോഗിക്കപ്പെട്ട , ഉദ്യോഗസ്ഥരും ജില്ലയിൽ ഏത്തി നാളെ രാവിലെ 8 മണി മുതൽ വോട്ടെണ്ണൽ ആരംഭിക്കും 3 സ്ഥലങ്ങളിലായാണ് വോട്ടുകൾ എണ്ണുകൾ ഫലകങ്ങൾ അപ്പോൾ തന്നെ അറിയാൻ വിപുലമായ സംവിധാനങ്ങളാണ് ഇലക്ഷൻ കമ്മീഷൻ ഒരുക്കിയിട്ടുള്ളത്

✪✪✪

പാലക്കാട് ജില്ലയിൽ നിന്നും പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.

**(വോയ്സ് .........)**

പാലക്കാട് നിയമസഭാ മണ്ഡലം ഉപതെരഞ്ഞെടുപ്പിലെ ജനവിധി അറിയാൻ ഒരു ദിവസം കൂടി ബാക്കി നിൽക്കെ വോട്ടു കണക്കുകളുടെ കൂട്ടലും കിഴിക്കലും നടത്തുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളും മുന്നണികളും.ഗവൺമെന്റ് വിക്ടോറിയ കോളേജിലാണ് മണ്ഡലത്തിലെ വോട്ടെണ്ണൽ കേന്ദ്രം.നാളെ

രാവിലെ എട്ടിന് തന്നെ വോട്ടെണ്ണൽ ആരംഭിക്കും.ആദ്യം പോസ്റ്റൽ വോട്ടുകളും തുടർന്ന് വോട്ടിങ് മെഷിനുകളിലെ വോട്ടുകളും എണ്ണും.ഉച്ചയോടെ ഫലം അറിയാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.137 302 പേരാണ് ഉപതെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം വിനിയോഗിച്ചിരിക്കുന്നത്.കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ 4800 കുറവ് വോട്ടുകളാണ് ഉപതെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയത്.

യു.ഡി.എഫിന്റെ സിറ്റിംഗ് സീറ്റായ മണ്ഡലത്തിൽ എം.എൽ.എ ആയിരുന്ന ഷാഫി പറമ്പിൽ വടകരയിൽ നിന്ന് ലോക്സഭയിലേക്ക്

തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് പാലക്കാട് ഉപതെരഞ്ഞെടുപ്പ് നടന്നത്.യു.ഡി.എഫ്.സ്തനാർത്ഥിയായി രാഹുൽ മാങ്കൂട്ടത്തിൽ , എൽ.ഡി.എഫ്.സ്ഥാനാർത്ഥിയായി ഡോ .പി.സരിൻ എൻ.ഡി.എ സ്ഥാനാർത്ഥിയായി സി.കൃഷ്ണകുമാർ എന്നിവരാണ് മത്സരിച്ചത്.

✪✪✪

ചേലക്കര നിയമസഭാമണ്ഡലത്തിന്റെ വോട്ടെണ്ണൽ കേന്ദ്രമായ ചെറുതുരുത്തി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. വോട്ടെണ്ണൽ പ്രക്രിയ പൂർണ്ണമായും വീഡിയോഗ്രാഫി ചെയ്യും.

✪✪✪

മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പിന്റെയും ഉപതെരഞ്ഞെടുപ്പ് നടന്ന മറ്റ് മണ്ഡലങ്ങളിലേയും ഫലവും നാളെ അറിയാം.

✪✪✪

പട്ടിക ജാതി- പട്ടിക വർഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടികൾ ശക്തമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഇപ്പോഴത്തെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സംസ്ഥാന പൊലീസ് മേധാവിക്ക് അദ്ദേഹം നിർദേശം നൽകി. തിരുവനന്തപുരത്ത് പട്ടിക ജാതി- പട്ടിക വർഗ വകുപ്പ് ഉന്നതതല വിജിലൻസ് - മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

തദ്ദേശ റോഡ് പുനരുദ്ധാരണത്തിൽ ജൻജീവൻ മിഷൻ പ്രവർത്തികളുടെ ഭാഗമായി കുഴിക്കേണ്ടി വന്ന റോഡുകൾക്ക് മുൻഗണന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശം നൽകി. ടൂറിസം മേഖലകൾ, ആശുപത്രികൾ, സ്കൂൾ-കോളേജുകൾ എന്നിവയെ ബന്ധിപ്പിക്കുന്ന റോഡുകൾക്കും ആദ്യ പരിഗണന നൽകണം. നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഡിസംബർ 20നകം തദ്ദേശവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് തദ്ദേശ റോഡ് പുനരുദ്ധാരണം സംബന്ധിച്ച യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ- ഓസ്ട്രേലിയ മത്സരം രാവിലെ പെർത്തിലെ ഓപ്ടസ് സ്റ്റേഡിയത്തിൽ തുടങ്ങും. ഇന്ത്യൻ സമയം രാവിലെ 7.50നാണ് മത്സരം ആരംഭിക്കുന്നത്. ടൂർണമെന്റിൽ അഞ്ച് ടെസ്റ്റ് മാച്ചുകളാണ് ഉണ്ടാകുക. ജനുവരി 7 വരെയാണ് മത്സരങ്ങൾ.

വ്യക്തിപരമായ കാരണങ്ങളാൽ ക്യാപ്റ്റൻ രോഹിത് ശർമ ആദ്യ ടെസ്റ്റിൽ പങ്കെടുക്കില്ല. ജസ്പ്രീത് ബുംമ്രയാണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്. ബാറ്റർ ശുഭ്മാൻ ഗില്ലും വിരലിനേറ്റ പരിക്കിനെ തുടർന്ന് ആദ്യടെസ്റ്റിൽ കളിക്കില്ല.

രണ്ടാം ടെസ്റ്റ് ഡിസംബർ ആറിനും മൂന്നാം ടെസ്റ്റ് 14നും ആയിരിക്കും.

✪✪✪

FIBA ബാസ്ക്കറ്റ്ബോൾ ഏഷ്യാ കപ്പ് 2025 യോഗ്യതാ മത്സരത്തിൽ, ഇന്ത്യ ഇന്ന് ഖത്തറിനെ നേരിടും.  ചെന്നൈയിലെ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിലാണ് മത്സരം.

ഫിബ ലോക റാങ്കിങ്ങിൽ 76-ാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യക്ക് ഇനി വരുന്ന മത്സരങ്ങൾ നിർണ്ണായകമാണ്.

✪✪✪

കോഴിക്കോട് സന്തോഷ് ട്രോഫി യോഗ്യതാമത്സരത്തിൽ കേരളം രണ്ടാം ജയം തേടി ഇന്നിറങ്ങും. ലക്ഷദ്വീപാണ് എതിരാളികൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി നസീർബാബു.

**..........വോയ്സ്.........**

കോഴിക്കോട് നടക്കുന്ന സന്തോഷ് ട്രോഫി യോഗ്യതാമത്സരത്തിൽ  കേരളം രണ്ടാം ജയം തേ ടി.ഇന്നിറങ്ങും അയൽ ടീമായ ലക്ഷദ്വീപാണ് എതിരാളികൾ. വൈകിട്ട് 3.30നാണ് മത്സരം രാവിലെ നടക്കുന്ന മത്സരത്തിൽ റയിൽവേ സ് പുതുച്ചേരിയെ നേരിടും ആദ്യ മത്സരത്തിൽ ശക്തരായ റയിൽവേസിനോട് ഒരു ഗോളിന് ജയിച്ചതിന്റെ  ആത്മ

വിശ്വാസവുമായാണ് കേരളം രണ്ടാം മത്സരത്തിന് തയ്യാറെടുക്കുന്നത്. ആദ്യ മത്സരത്തിലെ പിഴവുകൾ തിരുത്തി ജയം ആവർത്തിക്കുമെന്ന് ടീം പ്രതിക്ഷ പ്രകടിപ്പിക്കുന്നുകേരളത്തിന്നാകട്ടെ മുന്നേറ്റനിരയിൽ മികച്ച താരങ്ങളുടെ പട തന്നെയുണ്ട്. പ്രതിരോധത്തിലും കേരളം ശക്തരാണ്

ലക്ഷദ്വീപ് ആകട്ടെ പുതുച്ചേരിയോട് ആദ്യമത്സരത്തിൽ പരാജയപ്പെട്ടതിനാൽ ഇന്ന് നിർണ്ണായകമാണ് ഇനിയുള്ള മത്സരങ്ങൾ ജയിച്ച് യോഗ്യത നേടുമെന്ന

പ്രതിക്ഷയിലാണ്. മുൻ സന്തോഷ്ട്രോഫി ടീമുകളിൽ ഇടം നേടിയ താരങ്ങളുണ്ട് എതിർ ടീമുകളെ കുറച്ചു കാണാതെ കളിയിൽ

മികച്ച പ്രകടനം പുറത്തെടുക്കുമെന്ന് ഇരു ടീമുകളും ഉറപ്പിക്കുന്നു പുതുച്ചേരിയുമായുള്ള മത്സരം റയിൽവേ ക്കും നിർണ്ണായകമാണ്.

✪✪✪

ഐലീഗ് പുതിയ സീസണിലെ ആദ്യ മത്സരത്തിൽ ഗോകുലം കേരള FC ശ്രീനിധി ഡെക്കാനെ നേരിടും. വൈകീട്ട് നാലരക്ക് ഹൈദരാബാദിലെ ഡെക്കാൻ അരീനയിലാണ് മത്സരം. കഴിഞ്ഞ സീസണിൽ ശ്രീനിധി രണ്ടാം സ്ഥാനക്കാരും ഗോകുലം മൂന്നാം സ്ഥാനക്കാരുമാണ്.

✪✪✪

നേഴ്സിങ് വിദ്യാർത്ഥിനി അമ്മു സജീവന്റെ മരണത്തിൽ സഹപാഠികളായ മൂന്ന് വിദ്യാർത്ഥികളെ പൊലീസ് കസ്റ്റഡിയിലെടുത്തു. ഇവർക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തുമെന്ന് പൊലീസ് പറഞ്ഞു. കസ്റ്റഡിയിൽ കഴിയുന്ന സഹപാഠികൾ അമ്മുവിനെ നിരന്തരം മാനസികമായി പീഡിപ്പിച്ചെന്ന് പിതാവ് പ്രിൻസിപ്പലിന് പരാതി നൽകിയിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച വൈകിട്ടാണ് ഹോസ്റ്റൽ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ നിന്ന് ചാടി അമ്മു മരിച്ചത്.

മരണത്തിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി ആവശ്യപ്പെട്ട് നടത്തിയ മാർച്ചിലെ സംഘർഷത്തിൽ പ്രതിഷേധിച്ച് ഇന്ന് KSU പത്തനംതിട്ട ജില്ലയിൽ വിദ്യാഭ്യസ ബന്ദിന് ആഹ്വാനം ചെയ്തിട്ടുണ്ട്.

✪✪✪

പെരിന്തൽമണ്ണയിൽ ഇന്നലെ രാത്രി ജ്വല്ലറി ഉടമയിൽ നിന്ന് മൂന്നരക്കിലോ സ്വർണം കവർന്നു. ജ്വല്ലറി ഉടമ കിണാത്തിയിൽ യൂസഫ്, അനുജൻ ഷാനവാസ് എന്നിവർ സഞ്ചരിച്ച സ്കൂട്ടർ ഇടിച്ചു വീഴ്ത്തിയാണ് കവർച്ച നടത്തിയത്.

കാറിൽ സ്കൂട്ടറിനെ പിന്തുടർന്നെത്തിയ സംഘം സ്കൂട്ടർ ഇടിച്ചിട്ടശേഷം യൂസഫിന്റെ മുഖത്ത് കുരുമുളക് സ്പ്രേ അടിക്കുകയും മർദ്ദിക്കുകയും ചെയ്തു. തുടർന്ന് സ്വർണമടങ്ങിയ ബാഗ് തട്ടിയെടുത്ത് കവർച്ചാ സംഘം രക്ഷപ്പെടുകയായിരുന്നു.

✪✪✪

കണ്ണൂർ കരിവെള്ളൂരിനടുത്ത് വനിതാ സിവിൽ പോലീസ് ഓഫീസർ വെട്ടേറ്റ് മരിച്ചു. മാങ്ങാട്ടുപറമ്പ് KAP നാലാം വനിതാ ബറ്റാലിയനിലെ P.ദിവ്യശ്രീയാണ് ഭർത്താവ് രാജേഷിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇയാളെ

പുതിയതെരുവിൽ നിന്ന് പോലീസ് അറസ്റ്റ് ചെയ്തു. ആക്രമണം തടയാൻ ശ്രമിക്കുന്നതിനിടെ പരിക്കേറ്റ ദിവ്യശ്രീയുടെ അച്ഛനെ കണ്ണൂ രിൽ സ്വകാര്യ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

തിരുവനന്തപുരം നഗരസഭ സ്മാർട്ട് സിറ്റി പദ്ധതിയിൽ വാങ്ങിയ ഇലക്ട്രിക് ഹോവറും മയക്കുമരുന്ന് കണ്ടെത്തുന്ന കിറ്റും ഇന്നലെ വൈകിട്ട് മന്ത്രി MB രാജേഷ് സിറ്റി പൊലീസിന് കൈമാറി. മാനവീയം വീഥിയിലും സ്കൂൾ ജംങ്ഷനുകളിലും തിരക്കേറിയ മറ്റിടങ്ങളിലും പൊലീസിന് വേഗത്തിൽ എത്തിച്ചേരാൻ ഹോവർ വാഹനങ്ങൾ സഹായിക്കും.

✪✪✪

മന്ത്രി സജിചെറിയാൻ സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന് ബോദ്ധ്യമായ സാഹചര്യത്തിൽ അദ്ദേഹം സ്ഥാനം രാജിവയ്ക്കണമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മുമ്പ് രാജി വെക്കേണ്ടി വന്ന അതേ സാഹചര്യം ഇപ്പോഴും നിലനിൽക്കുകയാണെന്ന് അദ്ദേഹം പത്തനംതിട്ടയിൽ പ്രസ് ക്ലബ്ബിന്റെ മീറ്റ് ദ പ്രസിൽ പറഞ്ഞു. തന്റെ ഭാഗം കോടതി കേട്ടില്ല എന്ന മന്ത്രിയുടെ വാദം ന്യായീകരിക്കാനാവില്ലെന്നും ചെന്നിത്തല വിലയിരുത്തി.

✪✪✪

കോഴിക്കോട് ജില്ലയിൽ മഞ്ഞപിത്തം വ്യാപിക്കുന്ന സാഹചര്യത്തിൽ സുരക്ഷിത ഭക്ഷണവും വെള്ളവും ലഭ്യമാക്കാൻ കർശന നടപടി എടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജൂനാഥ് ആവശ്യപ്പെട്ടു.

ഭക്ഷ്യ സുരക്ഷാ കമ്മീഷണറും മുൻസിപ്പൽ സെക്രട്ടറിയും ഭക്ഷ്യ സാധനങ്ങളുടെയും കുടിവെള്ളത്തിന്റെയും ഗുണ നിലവാരം ഉറപ്പു വരുത്തണമെന്നും കമ്മീഷൻ നിർദേശിച്ചു.

✪✪✪